

# സമ്പൂർണ്ണകൃതികൾ: ഭാഗം VI

കെ. ദാമോദരൻ



## 8. പാശ്ചാത്യചിന്തയുടെ സ്വാധീനം

# സമ്പൂർണ്ണകൃതികൾ: ഭാഗം VI


കെ. ദാമോദരൻ


(മലയാളം: രാഷ്ട്രീയം, ചരിത്രം)


കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്



© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.



Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.



The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.



The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


8 പാശ്ചാത്യചിന്തയുടെ സ്വാധീനം . . . . . . . . . . . 1

1 ബ്രിട്ടീഷ് നയത്തിലെ വൈരുദ്ധ്യങ്ങൾ 2

2 മിഷനറിമാർക്കു പ്രോത്സാഹനം . . . 3

3 മിഷനറിമാരുടെ സംഭാവന . . . . . 4

4 ആധുനികവിദ്യാഭ്യാസം . . . . . . . . 5

5 നവോത്ഥാനത്തിന്റെ പ്രചോദനം . . 6

# 8

# പാശ്ചാത്യചിന്തയുടെ സ്വാധീനം

മുമ്പൊരദ്ധ്യായത്തിൽ ചൂണ്ടിക്കാണിച്ചതുപോലെ, ബ്രി ട്ടീഷ് മുതലാളിവർഗ്ഗം ഇന്ത്യയിലെ ദേശീയഘന വ്യ വസായത്തിന്റെ വളർച്ചയെ തടഞ്ഞുനിർത്തുന്ന ഒരു നയമാണവലംബിച്ചത്. ബ്രിട്ടനിൽ നിർമ്മിക്കപ്പെടുന്ന ഉപഭോഗസാമഗ്രികൾ വിറ്റഴിക്കാനും, ബ്രിട്ടീഷ് വ്യവ സായ സ്ഥാപനങ്ങൾക്കാവശ്യമായ അസംസ്കൃതവിഭവ ങ്ങൾ നേടാനും പറ്റിയ ഒരു രാജ്യമെന്ന നിലയ്ക്ക് ഇന്ത്യ യെ കൈവശം വെയ്ക്കുക എന്നതായിരുന്നു അവരുടെ ഉദ്ദേശ്യം.

# 1 ബ്രിട്ടീഷ് നയത്തിലെ വൈരുദ്ധ്യങ്ങൾ

എന്നാൽ, ഈ ചൂഷണനയത്തിന് അതിന്റേതായ വിരോധഭാവങ്ങളുമുണ്ടായിരുന്നു. ബ്രിട്ടീഷ് ഭരണം ശക്തിപ്പെടുത്തുന്നതിനു വേണ്ടി സ്വീകരിക്കപ്പെട്ട ഓരോ നടപടിയിലും അതിന്റെ നാശത്തിന്റെ വിത്തുകൾ കൂടി അടങ്ങിയിരുന്നു. ഉദാഹരണത്തിന്, റെയിൽവേ, ആവിക്കപ്പൽ, ഇലക്ട്രിക് ടെലഗ്രാഫ് എന്നിവ ഇന്ത്യയിൽ സ്ഥാപിച്ചത് ബ്രിട്ടന്റെ സാമ്രാജ്യത്വതാൽപ്പര്യങ്ങൾ സംരക്ഷിക്കാനായിരുന്നു. ബ്രിട്ടീഷ് മുതലാളികളുടെ വാണിജ്യവും വ്യവസായങ്ങളും വികസിപ്പിക്കാനും നാട്ടുകാരുടെ കലാപങ്ങൾ നടക്കുന്ന സ്ഥലങ്ങളിലേക്ക് കഴിയുംവേഗം ബ്രിട്ടീഷ് പട്ടാളങ്ങളെ അയയ്ക്കാനും അവ ആവശ്യമായിരുന്നു. എന്നാൽ, ആധുനിക ഗതാഗതസൗകര്യങ്ങൾ ഇന്ത്യയിലെ ഒറ്റപ്പെട്ടു കിടന്ന പ്രദേശങ്ങളെയും ജനങ്ങളെയും ഭൂമിശാസ്ത്രപരമായും രാഷ്ട്രീയമായും ഏകീകരിക്കാനും സഹായിച്ചു. അതുപോലെ ഇന്ത്യയിലെ ദേശീയവ്യവസായങ്ങളുടെ വളർച്ചയെ തടയാൻ വേണ്ടി ആവിഷ്കരിക്കപ്പെട്ട ബ്രിട്ടീഷ് നയം പരോക്ഷമായി ഒരു ദേശീയബൂർഷ്വാ വർഗ്ഗത്തിന്റെ ആവിർഭാവത്തിനു പ്രചോദനം നൽകി.

മാർക്സ് എഴുതുകയുണ്ടായി: “ഇതുവരെയും ഗ്രേറ്റ് ബ്രിട്ടനിലെ ഭരണാധികാരി വർഗ്ഗങ്ങൾക്ക് ഇന്ത്യയുടെ പുരോഗതിയിൽ ആകസ്മികവും താൽക്കാലികവും സവിശേഷവുമായ താല്പര്യമേ ഉണ്ടായിരുന്നുള്ളൂ. അഭിജാതവർഗ്ഗം ഇന്ത്യയെ ജയിച്ചടക്കാൻ ആഗ്രഹിച്ചു. പണപ്രഭുക്കൾ കൊള്ളയടിക്കാൻ ആഗ്രഹിച്ചു. മില്ലുടമസ്ഥവർഗ്ഗം വിലകുറച്ച് വിറ്റ് ലാഭമുണ്ടാക്കാനാഗ്രഹിച്ചു. എന്നാൽ, ഇപ്പോൾ സ്ഥിതിമാറിയിരിക്കുന്നു. ഇന്ത്യയെ പ്രത്യുൽപ്പാദനക്ഷമമായ ഒരു രാജ്യമാക്കി മാറ്റുന്നത് തങ്ങളെ സംബന്ധിച്ചിടത്തോളം ജീവൽപ്രധാനമാണെന്നും അതിനായി ജലസേചനോപാധികളും ഗതാഗതവിനിമയോപാധികളും അത്യാവശ്യമാണെന്നും മില്ലുടമസ്ഥവർഗ്ഗം കണ്ടുപിടിച്ചിരിക്കുന്നു. ഇന്ത്യയിൽ റെയിൽവേകളുടെ ഒരു ശൃംഖലയുണ്ടാക്കാൻ അവർ ആഗ്രഹിക്കുന്നു. അതവർ നടപ്പിലാക്കുകയും ചെയ്യും. ഫലം ദുർഗ്രാഹ്യമായിരിക്കും… റെയിൽവേ സംവിധാനത്തിൽ നിന്നുണ്ടാകുന്ന ആധുനികവ്യവസായം ഇന്ത്യയിൽ ജാതികളുടെ അടിസ്ഥാനമായി നിൽക്കുന്ന പരമ്പരാഗതമായ തൊഴിൽവിഭജനത്തെ തകർത്തുകളയും. ഈ ജാതിവ്യവസ്ഥയാണ് ഇന്ത്യയുടെ പുരോഗതിയേയും ഇന്ത്യയുടെ ശക്തിയെയും നിർണ്ണായകമാംവിധം തടഞ്ഞുവെക്കുന്നത്”. [1] ഇങ്ങനെ ചരിത്രപരമായ അർത്ഥത്തിൽ ബ്രിട്ടീഷുകാർ ഇന്ത്യയിൽ നശീകരണപ്രവർത്തനങ്ങളോടൊപ്പം പുനരുദ്ധാരണ പ്രവർത്തനങ്ങൾ കൂടി നിർവഹിക്കുകയുണ്ടായി.

---

1. Karl Marx: The Future of British Rule in India.

## 2 മിഷനറിമാർക്കു പ്രോത്സാഹനം

ഇന്ത്യയിൽ തങ്ങളുടെ ഭരണം ആരംഭിച്ച കാലത്ത് ബ്രിട്ടീഷ് മുതലാളിമാർ ക്രിസ്ത്യൻ ആത്മാക്കളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിലല്ല, സ്വന്തം ലാഭം വർദ്ധിപ്പിക്കുന്നതിലാണ്, കൂടുതൽ താല്പര്യം പ്രകടിപ്പിച്ചത്. ആധുനിക വിദ്യാഭ്യാസം, സാമൂഹ്യപരിഷ്കാരം, ക്രിസ്തുമതപ്രചാരം മുതലായവയെ അവർ പ്രോത്സാഹിപ്പിക്കുകയുണ്ടായില്ല. നാട്ടുകാരുടെ ആചാരങ്ങളിലും മതവിശ്വാസങ്ങളിലും ഇടപെടാൻ പാടില്ലെന്ന് അവർ നിർദ്ദേശിക്കുക കൂടി ചെയ്തു. എന്നാൽ, 1757-ൽ പ്ലാസ്സിയിലെ വിജയത്തിനുശേഷം അവരുടെ നയത്തിൽ എടുത്തുപറയത്തക്ക ഒരു മാറ്റമുണ്ടായി. പള്ളിമേധാവിത്വത്തിന്റെ സമ്മർദ്ദം കാരണം ക്രിസ്ത്യൻമിഷനറിമാരുടെ പിന്തുണയോടുകൂടി തങ്ങളുടെ പ്രജകളുടെ ധാർമ്മികാഭിവൃദ്ധിക്കുള്ള ചില നടപടികൾ സ്വീകരിക്കാൻ ബ്രിട്ടീഷ് പാർലമെന്റ് തയ്യാറായി. ഇന്ത്യൻ വിപണികളുടെ വികസനത്തിന് ആധുനിക വിദ്യാഭ്യാസവും സാമൂഹ്യപരിഷ്കാരങ്ങളും ആവശ്യമാണെന്ന് ദീർഘദൃഷ്ടിയുള്ള രാഷ്ട്രീയനേതാക്കന്മാർ മനസ്സിലാക്കാൻ തുടങ്ങി.

ഈ നയംമാറ്റം ഇന്ത്യയിലെ മിഷനറി പ്രസ്ഥാനത്തിന് ഒരു പുതിയ ജീവൻ നൽകി. സാമ്രാജ്യത്തോട് കൂറും വണക്കവും വളർത്തുന്നതിനുള്ള ഒരു ഉപാധിയാണ് ക്രിസ്തുമതപ്രചരണം എന്ന് ഭരണാധികാരികൾ വിശ്വസിക്കാൻ തുടങ്ങി. ജനതയുടെ ഹൃദയം കീഴടക്കാനുള്ള ഒരു മാർഗ്ഗമായിരുന്നു അത്. അങ്ങനെ ക്രിസ്ത്യൻ മിഷനറി പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കപ്പെട്ടു. മിഷനറിമാരുടെ ചെലവുകൾക്ക് ധാരാളം പണം അനുവദിക്കപ്പെട്ടു. ക്രമേണ ക്രിസ്ത്യാനികൾ ഹിന്ദുക്കളെയും മുസ്ലീങ്ങളെയും അപേക്ഷിച്ച് കൂടുതൽ മേന്മയുള്ളവരായി കണക്കാക്കപ്പെടാൻ തുടങ്ങി. ക്രിസ്തുമതം സ്വീകരിച്ച ഗവണ്മെന്റ് ജീവനക്കാർക്ക് ഉയർന്ന തസ്തികകൾ, ഉദ്യോഗക്കയറ്റം തുടങ്ങിയ പ്രത്യേകാനുകൂല്യങ്ങൾ നൽകപ്പെട്ടു. ഇത് സ്വാഭാവികമായും ഇന്ത്യയിലെ ജനങ്ങളുടെ, പ്രത്യേകിച്ചും ഹിന്ദുക്കളുടെയും മുസ്ലീങ്ങളുടെയും, വികാരങ്ങളെ വ്രണപ്പെടുത്തി. ഇന്ത്യയിൽ ക്രിസ്തുമതത്തെ പ്രോത്സാഹിപ്പിക്കുകയെന്ന തങ്ങളുടെ നയം ബ്രിട്ടീഷ് ജനതയുടെ പിന്തുണ നേടാൻ ഉപകരിക്കുമെന്ന് ഭരണാധികാരികൾ വിശ്വസിച്ചിട്ടുണ്ടാവണം. ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ഡയറക്ടർബോർഡ് ചെയർമാൻ മാൻഗ്ൾസ് 1857-ൽ ബ്രിട്ടീഷ് പാർലമെന്റിൽവെച്ച് പ്രസ്താവിക്കുകയുണ്ടായി: “ദൈവം വിശാലമായ ഇന്ത്യൻ സാമ്രാജ്യത്തെ ഇംഗ്ലണ്ടിന് ഏൽപ്പിച്ചു തന്നിട്ടുള്ളത് ക്രിസ്തുവിന്റെ വിജയപതാക ഇന്ത്യയുടെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ പാറിക്കളിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടിയാണ്. ഇന്ത്യയെ മുഴുവൻ ഒരു ക്രൈസ്തവരാജ്യമാക്കാൻ വേണ്ടിയുള്ള പ്രവർത്തനം തുടരുന്നതിൽ യാതൊരു കാരണവശാലും വിളംബമുണ്ടായിക്കൂടാ. ഇക്കാര്യത്തിൽ ഓരോരുത്തനും തന്റെ ശക്തി മുഴുവനും പ്രയോഗിക്കണം”. [2]

ഇന്ത്യയിൽ ബ്രിട്ടീഷ് ഭരണം ശക്തിപ്പെടുത്തുന്ന കാര്യത്തിൽ ഗവർണർമാരും ജഡ്ജിമാരും സൈനികോദ്യോഗസ്ഥന്മാരും നൽകിയ സേവനങ്ങളെക്കാൾ വിലപ്പെട്ടതായിരുന്നു മിഷനറിമാർ വഹിച്ച പങ്ക് എന്ന് ബോംബെയിലെ ഒരു ബ്രിട്ടീഷ് ഭരണാധികാരി അഭിപ്രായപ്പെട്ടു. ഇന്ത്യയിൽ ബ്രിട്ടീഷ് ഭരണത്തെ ന്യായീകരിച്ചുകൊണ്ട് മിഷനറിമാർ ചെയ്ത അനൗദ്യോഗികവും അംഗീകരണം ലഭിക്കാത്തതുമായ പ്രവർത്തനത്തെ ബംഗാൾഗവർണർ സർ ചാൾസ് എലിയട്ട് ശ്ലാഘിക്കുകയുണ്ടായി. ഇങ്ങനെ ഹിന്ദുക്കൾ, മുസ്ലീങ്ങൾ, ക്രിസ്ത്യാനികൾ എന്നീ വ്യത്യസ്ത ജനവിഭാഗങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കാൻ കരുതിക്കൂട്ടിയുള്ള ശ്രമങ്ങൾ നടത്തപ്പെട്ടു.

മിഷനറിമാരെ പ്രോത്സാഹിപ്പിക്കുക എന്ന നയത്തോടൊപ്പം ജാതിവിഭജനം, അന്ധവിശ്വാസങ്ങൾ, കാലഹരണപ്പെട്ട ആചാരങ്ങൾ മുതലായവ നിലനിർത്തുന്നതിനാവശ്യമായ നീതിന്യായചട്ടങ്ങളും ആവിഷ്കരിക്കപ്പെട്ടു. ഹിന്ദുക്കൾക്കും മുസ്ലീങ്ങൾക്കും വേണ്ടി വെവ്വേറെ നിയമങ്ങളും ചട്ടങ്ങളും തയ്യാറാക്കപ്പെട്ടു. പഴകിക്കഴിഞ്ഞ ആചാരങ്ങളും ജീർണ്ണിച്ച സാമൂഹ്യവിധി വിലക്കുകളും നിലനിർത്താൻ വേണ്ടി അവയ്ക്ക് നീതിന്യായത്തിന്റെ പ്രാബല്യം നൽകപ്പെട്ടു. ഇന്ത്യക്കാർ പൊതുവേ അവജ്ഞയോടെയാണ് വീക്ഷിക്കപ്പെട്ടത്.

1818-ൽ മൺറോ വെട്ടിത്തുറന്നെഴുതി: “വിദേശീയരായ ആക്രമണകാരികൾ നാട്ടുകാരോട് അക്രമമനോഭാവത്തോടും പലപ്പോഴും വലിയ ക്രൂരതയോടും കൂടിയാണ് പെരുമാറിപ്പോന്നിട്ടുള്ളത്. എന്നാൽ, നമ്മെപ്പോലെ ഇത്രയധികം അവജ്ഞയോടെ അവരാരും പെരുമാറിയിട്ടില്ല. ഒരു രാജ്യത്തിലെ ജനങ്ങൾ മുഴുവനും വിശ്വസിക്കാൻ പറ്റാത്തവരും സത്യസന്ധരാവാൻ കഴിയാത്തവരും നമുക്ക് ഒഴിവാക്കാൻ പറ്റാത്ത രംഗങ്ങളിൽ മാത്രം ജോലി ചെയ്യാൻ കഴിയുന്നവരുമാണെന്ന് ഇത്ര അറപ്പോടെ മറ്റാരും കരുതിയിട്ടില്ല. നമ്മുടെ ആധിപത്യത്തിൽ അകപ്പെട്ടു കഴിഞ്ഞ ഒരു ജനതയുടെ സ്വഭാവത്തെ ഇങ്ങനെ ഇടിച്ചുതാഴ്ത്തുന്നത് ഔദാര്യമില്ലായ്മ മാത്രമല്ല, മര്യാദകേടുകൂടിയാണ്”.

2. Quoted by V. D. Savarkar, PP. 51–52.

## 3 മിഷനറിമാരുടെ സംഭാവന

എന്നാൽ, ഇത് ചിത്രത്തിന്റെ ഒരു വശം മാത്രമാണ്. മിഷനറിമാർ പൊതുവേ ജാതിവ്യവസ്ഥ, തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ, വിഗ്രഹാരാധന, ശൈശവവിവാഹം, സതി തുടങ്ങിയ സാമൂഹ്യാനാചാരങ്ങൾക്കെതിരായി നടത്തിയ ആവേശങ്ങളായ പ്രചരണങ്ങൾ ഇന്ത്യൻ ജനതയുടെ സാമൂഹ്യബോധത്തെ തട്ടിയുണർത്തി. അങ്ങനെയാണ് വില്യം കാരിയും പണ്ഡിതന്മാരായ മറ്റു മിഷനറിമാരും സ്വന്തം ഇഷ്ടത്തോടുകൂടി ക്രിസ്തുമതം ആശ്ലേഷിക്കാൻ തയ്യാറായ ഒട്ടേറെ ഹിന്ദുക്കളെയും മുസ്ലീങ്ങളെയും ആകർഷിച്ചത്. തങ്ങളുടെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുന്നതിനുവേണ്ടി പല മിഷനറിമാരും ഇന്ത്യൻ ഭാഷകൾ പഠിച്ചു; വിലപിടിച്ച ഗ്രന്ഥങ്ങൾ രചിച്ചു; മതപരവും തത്വചിന്താപരവുമായ ഒട്ടനവധി കൃതികൾ സംസ്കൃതത്തിൽനിന്ന് വിവർത്തനം ചെയ്തു; ഇന്ത്യയുടെ ചരിത്രത്തെപ്പറ്റിയും സംസ്കാരത്തെപ്പറ്റിയും ഗവേഷണങ്ങൾ നടത്തി; ജനങ്ങളെ സേവിക്കുന്നതിനായി ആധുനികരീതിയിലുള്ള സ്കൂളുകളും ആശുപത്രികളും സ്ഥാപിച്ചു. അവരുടെ വിദ്യാഭ്യാസ സാംസ്കാരിക പ്രവർത്തനങ്ങൾ പലപ്പോഴും സുവിശേഷപ്രചരണവുമായി ബന്ധപ്പെട്ടവയായിരുന്നു എന്നത് ശരിയാണ്. എങ്കിലും, ആ പ്രവർത്തനങ്ങളുടെ ക്രിയാത്മകമായ പ്രാധാന്യത്തെ എത്ര പ്രശംസിച്ചാലും അധികമാവില്ല. അവർ ഇന്ത്യയിൽ ആധുനിക ചിന്തയുടെയും സാമൂഹ്യപരിഷ്കാരങ്ങളുടെയും പുതിയ ചാലുകൾ വെട്ടിക്കീറി. ഡി.എസ്. ശർമ്മ ചൂണ്ടിക്കാണിച്ചതുപോലെ, "നമ്മുടെ നേതാക്കന്മാർ, പ്രത്യേകിച്ചും സമാജ് പ്രസ്ഥാനത്തിന്റെയും രാമകൃഷ്ണ മിഷന്റെയും നേതാക്കന്മാർ, സാമൂഹ്യസേവനത്തിനു നൽകിയിട്ടുള്ള പരമപ്രാധാന്യം ക്രിസ്ത്യൻ മിഷനറിമാർ നൽകിയ സാധനപാഠത്തിന്റെ പ്രചോദനം കാരണമാണെന്ന് സമ്മതിച്ചേ മതിയാവൂ". [3] സ്വാമി വിവേകാനന്ദനെപ്പോലുള്ള മഹാന്മാരായ സാമൂഹ്യ–മതപരിഷ്കർത്താക്കൾ ക്രിസ്ത്യൻ കോളേജുകളിലാണ് പഠിച്ചതെന്ന് ഇവിടെ എടുത്തു പറയേണ്ടതാണ്.

ഇംഗ്ലീഷിലും ഇന്ത്യയിലെ വിവിധ ഭാഷകളിലും ക്രിസ്തുമതത്തെ സംബന്ധിച്ചുള്ള ഒട്ടേറെ പുസ്തകങ്ങളും ലഘുലേഖകളും പ്രസിദ്ധം ചെയ്യപ്പെടുകയുണ്ടായി. അവ ഇന്ത്യൻ സാമൂഹ്യപരിഷ്കർത്താക്കളുടെ മേൽ വമ്പിച്ച സ്വാധീനമാണ് ചെലുത്തിയത്. ഉദാഹരണത്തിന്, പുതിയ സുവിശേഷത്തിലടങ്ങിയ സാന്മാർഗികതത്വങ്ങൾ "ജാതിയോ പദവിയോ സമ്പത്തോ നോക്കാതെ ജീവനുള്ള എല്ലാ സൃഷ്ടികളെയും ഒരുപോലെ മാറ്റത്തിനും നിരാശയ്ക്കും വേദനയ്ക്കും മരണത്തിനും പാത്രമാക്കുകയും ഭൂമിയിലെ വിഭവങ്ങളെ അനുഭവിക്കാൻ എല്ലാവർക്കും ഒരുപോലെ അവകാശം നൽകുകയും ദൈവത്തോടും തങ്ങളോടു തന്നെയും സമൂഹത്തോടുമുള്ള വിവിധ ചുമതലകൾ നിർവഹിക്കുന്നതിൽ മനുഷ്യരാശിയുടെ പെരുമാറ്റം ക്രമീകരിക്കാൻ ഏറ്റവും പറ്റിയ തരത്തിൽ നിലനിൽക്കുകയും ചെയ്യുന്ന ഏകദൈവത്തെക്കുറിച്ചുള്ള ഉന്നതവും ഉദാരവുമായ സങ്കല്പത്തിലേക്ക് മനുഷ്യന്റെ ആശയങ്ങളെ ഉയർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളവയാണ്" എന്ന് രാജാറാം മോഹൻ റായ് പ്രസ്താവിക്കുകയുണ്ടായി.

ഹിന്ദുക്കളുടെ ജാതിവ്യത്യാസങ്ങൾ, വിഗ്രഹാരാധന, ശൈശവവിവാഹം, ശിശുഹത്യ, സതി തുടങ്ങിയ മൂഢിയങ്ങളും ദ്രോഹകരങ്ങളുമായ ആചാരങ്ങൾ ആദ്യകാലത്തെ ക്രിസ്ത്യൻ മിഷനറിമാരുടെ മനഃസാക്ഷിയെ ഞെട്ടിച്ചിട്ടുണ്ടായിരിക്കണം. ഇത്തരം ആചാരങ്ങൾക്കെതിരായ സമരത്തിൽ അവർ അപ്രധാനമല്ലാത്ത ഒരു പങ്കാണ് വഹിച്ചത്. എന്നാൽ, ആദ്യകാലത്ത് ഇന്ത്യയിലെ മുസ്ലീങ്ങൾ ചെയ്തു മാതിരി ക്രൈസ്തവമതക്കാരും ഇന്ത്യയിൽ നിലവിലുണ്ടായിരുന്ന സാമൂഹ്യപരിതസ്ഥിതികളുമായി ഇണങ്ങിച്ചേരാൻ തുടങ്ങി. ഇന്ത്യയിലെ ക്രിസ്തുമതം ജാതിവ്യവസ്ഥയ്ക്ക് കീഴ്പ്പെടുകയും ഹിന്ദുക്കളുടെ ആചാരാനുഷ്ഠാനങ്ങൾ പലതും സ്വീകരിക്കുകയും ചെയ്തു. ഹിന്ദുക്കൾക്കിടയിൽ നിലനിന്നിരുന്ന താണ ജാതിയും മേൽജാതിയും തമ്മിലുള്ള വ്യത്യാസങ്ങൾ അവർ ക്രിസ്തുമതം സ്വീകരിച്ചതിനുശേഷവും നിലനിന്നു. പക്ഷേ, പിന്നീടുണ്ടായ ഈ മാറ്റങ്ങൾ ക്രിസ്ത്യൻ മിഷനറിമാർ ഇന്ത്യയിൽ തുടങ്ങിവെച്ച പരിഷ്കരണ പ്രവർത്തനങ്ങളുടെ പ്രാധാന്യം കുറയ്ക്കുന്നില്ല.

---

3. D. S. Sharma: Renaissance of Hinduism, P. 639.

## 4 ആധുനികവിദ്യാഭ്യാസം

ഇന്ത്യയിൽ തങ്ങളുടെ ആധിപത്യം ഉറപ്പിക്കാൻ ബ്രിട്ടീഷുകാർ ഉപയോഗിച്ച ഒരു ആയുധമായിരുന്ന നവീനവിദ്യാഭ്യാസം. നാട്ടുകാരെ രാജഭക്തിയുള്ളവരാക്കിമാറ്റുന്നതിനും പാശ്ചാത്യജീവിതരീതികളും ആശയങ്ങളും പ്രചരിപ്പിക്കുന്നതിനുമുള്ള ഫലപ്രദമായ ഒരു മാർഗ്ഗമായിരുന്ന അത്. മാനവികവിഷയങ്ങളിലും ശാസ്ത്രങ്ങളിലും അദ്ധ്യയനം നൽകുന്ന പുതിയ ഇംഗ്ലീഷ് വിദ്യാഭ്യാസസമ്പ്രദായം ജനങ്ങൾക്കിടയിൽ അപകർഷബോധവും സ്വന്തം സംസ്കാരത്തെപ്പറ്റിയും പാരമ്പര്യത്തെപ്പറ്റിയുമുള്ള ഒരുതരം അവജ്ഞയും വളർത്താൻ ഉപകരിക്കുമെന്നും ബ്രിട്ടീഷ് ഭരണത്തെ പ്രകീർത്തിക്കാൻ അതാവശ്യമാണെന്നും ഭരണാധികാരികൾ കരുതിയിട്ടുണ്ടാവണം. മെക്കാളെ പ്രഭു 1884-ൽ എഴുതിയ "വിദ്യാഭ്യാസത്തെ സംബന്ധിച്ച കുറിപ്പുകൾ" പുതിയ ഭരണാധികാരിവർഗ്ഗം ഇന്ത്യയുടെ കാലപ്പഴക്കമുള്ള സംസ്കാരത്തെയും ഭാഷകളെയും എത്ര അവജ്ഞയോടെയാണ് വീക്ഷിച്ചിരുന്നത് എന്നു വ്യക്തമാക്കുന്നു. "നാട്ടുകാർ തമ്മിൽ തമ്മിൽ സാധാരണ സംസാരിക്കുന്ന വാമൊഴികൾ മോശവും അസംസ്കൃതവുമാണെ"ന്നും "അറബി ഭാഷയെയോ സംസ്കൃതത്തെയോ മഹത്തായ യൂറോപ്യൻ രാഷ്ട്രങ്ങളുടെ ഭാഷകളുമായി ഒരിക്കലും താരതമ്യപ്പെടുത്തിക്കൂടെന്നും" "ഒരു യൂറോപ്യൻ ലൈബ്രറിയുടെ ഒരൊറ്റ ഷെൽഫ് ഇന്ത്യയിലും അറേബ്യയിലും ഒട്ടാകെയുള്ള സാഹിത്യത്തിന്റെ കിടപിടിക്കുന്നു" എന്നും അദ്ദേഹം സമർത്ഥിക്കാൻ ശ്രമിച്ചു. തന്റെ സ്വന്തം ഭാഷയുടെ മികവുറ്റ കഴിവുകളെ അദ്ദേഹം പ്രശംസിച്ചു. "സംസ്കൃതത്തിൽ എഴുതപ്പെട്ട എല്ലാ പുസ്തകങ്ങളിൽ നിന്നുമുള്ള ചരിത്രവിവരങ്ങൾ കൂട്ടിവെച്ചാൽ അവ ഇംഗ്ലണ്ടിലെ പ്രിപ്പറേറ്ററി സ്കൂളുകളിൽ ഉപയോഗിക്കുന്ന ഏറ്റവും നിസ്സാരമായ സംഗ്രഹ പതിപ്പുകളേക്കാൾ വിലകുറഞ്ഞവയായിരിക്കും" എന്നും ഭൗതികമോ ധാർമ്മികമോ ആയ തത്വചിന്തയുടെ വിവിധ ശാഖകളിൽ രണ്ടു രാഷ്ട്രങ്ങൾക്കുമുള്ള സ്ഥാനങ്ങൾ ഏതാണ്ട് ഒരേമാതിരിയായിരിക്കുമെന്നും [4] അദ്ദേഹം പ്രസ്താവിച്ചു.

വില്യം ജോൺസിന്റെ നേതൃത്വത്തിൽ ഇന്ത്യയുടെ സാംസ്കാരികപാരമ്പര്യത്തെ അങ്ങേയറ്റം വിലമതിച്ചവരും ഇംഗ്ലീഷ് ഭാഷയുടെ നിർബന്ധ പരിശീലനം ഇന്ത്യൻ സമൂഹത്തിലെ ഉയർന്ന വിഭാഗങ്ങളുടെ വികാരങ്ങളെ വ്രണപ്പെടുത്തുമെന്ന് ഭയപ്പെട്ടവരുമായ പൗരസ്ത്യവാദികളുടെ വിമർശനങ്ങൾക്കു മറുപടിയായി മെക്കാളെ ഇപ്രകാരം എഴുതി: "കോടിക്കണക്കിലുള്ള ജനങ്ങളുടെ വിശുദ്ധഗ്രന്ഥങ്ങൾ രചിക്കാനുപയോഗിക്കപ്പെട്ട ഭാഷകളാണ് സംസ്കൃതവും അറബിയും എന്നും അതിനാൽ അവയ്ക്ക് പ്രത്യേകമായ പ്രോത്സാഹനം ലഭിക്കേണ്ടതാണെന്നും പറയപ്പെടുന്നുണ്ട്. മതപരമായ കാര്യങ്ങളിൽ സഹിഷ്ണുത കാണിക്കുക മാത്രമല്ല, നിഷ്പക്ഷത പാലിക്കുകകൂടി ചെയ്യണമെന്നുള്ളത് ഇന്ത്യയിൽ ബ്രിട്ടീഷ് ഗവണ്മെന്റിന്റെ കർത്തവ്യമാണ്. എന്നാൽ, ഏറ്റവും പ്രധാനപ്പെട്ട വിഷയങ്ങളിലെല്ലാം ഗൗരവമായ പ്രമാദങ്ങൾ കുത്തിത്തിരുത്തിയിട്ടുണ്ടെന്നതു കൊണ്ടുമാത്രം പറയത്തക്ക ആന്തരികമൂല്യങ്ങളൊന്നുമില്ലെന്ന് എല്ലാവരും സമ്മതിക്കുന്ന ഒരു സാഹിത്യത്തെ പ്രോത്സാഹിപ്പിക്കണമെന്നു പറയുന്നത് യുക്തിക്കോ ധർമ്മബോധത്തിനോ പരിപാവനമായി കാത്തുരക്ഷിക്കണമെന്ന് നമ്മളെല്ലാം സമ്മതിക്കുന്ന നിഷ്പക്ഷതയ്ക്കോ നിരക്കുന്നതല്ല. പ്രയോജനകരമായ വിജ്ഞാനം ഉൾക്കൊള്ളാത്ത ഒരു ഭാഷ നിഷ്ഫലമാണെന്ന് സമ്മതിക്കപ്പെടുന്നുണ്ട്. ബീഭത്സങ്ങളായ അന്ധവിശ്വാസങ്ങൾ നിറഞ്ഞിരിക്കുന്നു എന്നതുകൊണ്ട് നാമത് പഠിപ്പിക്കണമെന്നാണ് വരുന്നത്. നാം തെറ്റായ ചരിത്രവും തെറ്റായ മതവും പഠിപ്പിക്കണമെന്നു വരുന്നു. നാട്ടുകാരെ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യുന്നവർക്ക് പരസ്യമായ പ്രോത്സാഹനം നൽകുന്നതിൽ നിന്ന് നാം ഒഴിഞ്ഞുനിൽക്കുന്നു. എല്ലായിപ്പോഴും അങ്ങനെ ഒഴിഞ്ഞുനിൽക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. നമ്മൾ ഇപ്രകാരം പ്രവർത്തിക്കുമ്പോൾ ഒരു കഴുതയെ തൊട്ടാൽ ശുദ്ധി വരുത്തേണ്ടതെങ്ങനെയെന്നോ ഒരാടിനെ കൊന്ന പാവം തീരാൻ ഏതു വേദവാക്യമുരുവിടണമെന്നോ പഠിക്കുന്നതിനുവേണ്ടി യൗവനകാലം പാഴാക്കാൻ സ്റ്റേറ്റിന്റെ വരുമാനത്തിൽനിന്ന് ബുദ്ധിപൂർവമായും അന്തസ്സോടെയും നമുക്ക് പണം ചെലവാക്കാൻ കഴിയുമോ?" [5]

പുതിയ വിദ്യാഭ്യാസരീതിയുടെ ലക്ഷ്യമെന്തെന്ന് മെക്കാളെ തന്റെ കുറിപ്പുകളുടെ അവസാനത്തെ ഖണ്ഡികയിൽ ചുരുക്കിവിവരിക്കുന്നുണ്ട്. "നമ്മുടെ അഭിപ്രായങ്ങളെ നമ്മൾ ഭരിക്കുന്ന അനേകലക്ഷം ആളുകൾക്ക് വ്യാഖ്യാനിച്ചുകൊടുക്കാൻ കഴിവുള്ള ഒരു വർഗ്ഗത്തെ സൃഷ്ടിക്കാൻ നാം ഇപ്പോൾ കഴിയുന്നതെല്ലാം ചെയ്യണം. ആ വർഗ്ഗം രക്തത്തിലും നിറത്തിലും ഇന്ത്യക്കാരായിരിക്കും. പക്ഷേ, രുചിയിലും അഭിപ്രായങ്ങളിലും സാന്മാർഗികബോധത്തിലും ബുദ്ധിയിലും ഇംഗ്ലീഷുകാരുമായിരിക്കും". [6]

പാശ്ചാത്യവിദ്യാഭ്യാസം ഇന്ത്യയുടെ അന്ധവിശ്വാസങ്ങളെ ഇടിച്ചു തകർക്കുമെന്നും ഇന്ത്യയിലെ മതങ്ങളുടെയും അതിപുരാതനമായ സംസ്കാരത്തിന്റെയും അവസാനം കുറിക്കുമെന്നും ബ്രിട്ടീഷ് ഭരണാധികാരികൾ ആശിച്ചു. പുതിയ വിദ്യാഭ്യാസരീതി നടപ്പാക്കി മുപ്പതു വർഷങ്ങൾ കഴിയുമ്പോഴേക്കും ബംഗാളിൽ ഒരൊറ്റ വിഗ്രഹാരാധകനും ബാക്കിയാവുകയില്ലെന്ന് 1836-ൽ തന്റെ അമ്മയ്ക്കെഴുതിയ ഒരു കത്തിൽ മെക്കാളെ ഉറപ്പിച്ചു പറയുകയുണ്ടായി.

ഹണ്ടരുടെ ശുഭാപ്തിവിശ്വാസം ഒരുപടി കൂടി മുന്നോട്ടുകടന്നു: "നമ്മുടെ ആംഗ്ലോ ഇന്ത്യൻ സ്കൂളുകളിലൂടെ കടന്നുപോകുന്ന ഒരൊറ്റ യുവാവും—ഹിന്ദുവായാലും മുസ്ലീമായാലും—തന്റെ അച്ഛന്റെ മതത്തെ അവിശ്വസിക്കാൻ പഠിക്കാതിരിക്കില്ല. ഏഷ്യയിലെ മൂത്തു മുരടിച്ച മതങ്ങൾ പാശ്ചാത്യശാസ്ത്രത്തിന്റെ യാഥാർത്ഥ്യങ്ങളുമായി അടുപ്പിക്കപ്പെടുമ്പോൾ ഉണങ്ങിയ ചുള്ളിക്കൊമ്പുകൾ പോലെ ചുക്കിച്ചുളിഞ്ഞുപോകും".

---

4. Sources in Indian Tradition, P.P. 596–97.
5. Macaulay: Prose and Poetry, P. 724–29.
6. Ibid.

## 5 നവോത്ഥാനത്തിന്റെ പ്രചോദനം

ചുരുക്കിപ്പറഞ്ഞാൽ, ബ്രിട്ടീഷുകാരുടെ മഹത്വം പ്രദർശിപ്പിക്കുന്നതിനുവേണ്ടിയാണ് വിദ്യാഭ്യാസപരിഷ്കാരങ്ങൾ നടപ്പിൽ വരുത്തപ്പെട്ടത്. "വിദ്യാഭ്യാസം കൊണ്ടു സിദ്ധിച്ച ഉൽബുദ്ധത ജനങ്ങളെ ബ്രിട്ടീഷ് ഭരണവുമായി ഇണക്കിച്ചേർക്കുമെന്നും അതുമായി അടുപ്പം വളർത്തുമെന്നും" [7] കോളനിമേധാവികൾ ആശിച്ചിരുന്നു. ബ്രിട്ടീഷ്ഭരണത്തെ സന്തോഷപുരസ്സരം സ്വീകരിക്കാൻ ഇംഗ്ലീഷ് വിദ്യാഭ്യാസം ഇന്ത്യൻ ജനതയെ പ്രേരിപ്പിക്കുമെന്ന് എൽഫിൻസ്റ്റണും അഭിപ്രായപ്പെടുകയുണ്ടായി. എന്നാൽ, ഇത് തികച്ചും തെറ്റായ ഒരു കണക്കുകൂട്ടലായിരുന്നു. ബ്രിട്ടീഷ്ഗവണ്മെന്റിന്റെ വിദ്യാഭ്യാസ നയത്തിൽ പരസ്പരം പൊരുത്തപ്പെടാത്ത ചില വൈരുദ്ധ്യങ്ങളടങ്ങിയിരുന്നു. നശിപ്പിക്കലായിരുന്നു അവരുടെ ലക്ഷ്യം. എന്നാൽ, യഥാർത്ഥത്തിലുണ്ടായത് ഒരു നവോത്ഥാനമാണ്. പുതിയ വിദ്യാഭ്യാസരീതി ഇന്ത്യയുടെ ആത്മാവിനെ ഞെക്കിക്കൊല്ലുമെന്നാണ് പ്രതീക്ഷിക്കപ്പെട്ടിരുന്നത്. എന്നാൽ, യഥാർത്ഥത്തിൽ ബ്രിട്ടീഷ്ഭരണത്തെ തന്നെ കടപുഴക്കിയെറിഞ്ഞ ഒരു മുന്നേറ്റത്തിന്റെ വിത്തുകൾ വിതയ്ക്കുകയാണ് അത് ചെയ്തത്.

ഇംഗ്ലീഷ് വിദ്യാഭ്യാസം ഇന്ത്യയിലെ ബുദ്ധിജീവികളുടെ മുമ്പിൽ സമൂഹ്യരാഷ്ട്രീയ സ്വാതന്ത്ര്യത്തിന്റെ പുതിയ പാതകൾ തുറന്നിട്ടു കൊടുത്തു. അഭ്യസ്തവിദ്യരായ ഇന്ത്യക്കാർ ഒരുവശത്ത് മറ്റു രാജ്യങ്ങളിലെ പുരോഗമനാശയങ്ങളെയും സ്വാതന്ത്ര്യപ്രസ്ഥാനങ്ങളെയും ശാസ്ത്രീയനേട്ടങ്ങളെയും ആസ്വദിക്കാൻ തുടങ്ങി; മറുവശത്ത് അവർ പുതിയ വിജ്ഞാനത്തിന്റെ വെളിച്ചത്തിൽ തങ്ങളുടെ പാരമ്പര്യങ്ങളെയും മതത്തെയും തത്വചിന്തയെയും ആചാരങ്ങളെയും ശീലങ്ങളെയും വിമർശനബുദ്ധിയോടെ പരിശോധിക്കാൻ തുടങ്ങി. മെക്കോളെ വിചാരിച്ചത് തന്റെ വിദ്യാഭ്യാസ സമ്പ്രദായം ഇന്ത്യക്കാരുടെ ദേശീയബോധത്തെ തുരങ്കം വെയ്ക്കുമെന്നും അവരെ കൂറുള്ള അടിമകളാക്കിത്തീർക്കുമെന്നുമാണ്. എന്നാൽ, അത് ജീവിതയാഥാർത്ഥ്യങ്ങളെ ശാസ്ത്രീയമായി വീക്ഷിക്കാനുള്ള ഒരടിസ്ഥാനം സൃഷ്ടിക്കുകയും ഒരു പുതിയ ദേശീയോൽബുദ്ധതയ്ക്ക് പ്രചോദനം നൽകുകയുമാണ് ചെയ്തത്. പാശ്ചാത്യ ശാസ്ത്രത്തിന്റെ മുഖ്യ ഘടകങ്ങളും പാശ്ചാത്യരാജ്യങ്ങളിലെ സാംസ്കാരിക നവോത്ഥാനവും രാഷ്ട്രീയോൽബുദ്ധതയും ആകാംക്ഷയോടെ ഉൾക്കൊള്ളുകയും അവയെ സ്വന്തം മാതൃഭൂമിയുടെ അഭിവൃദ്ധിക്കായി ഉപയോഗിക്കാൻ ശ്രമിക്കുകയും ചെയ്ത ഇന്ത്യൻ ബുദ്ധിജീവികളുടെ ഒരു പുതിയ വർഗ്ഗത്തെ സൃഷ്ടിക്കുകയാണ് അത് ചെയ്തത്.

ബൂർഷ്വാവർഗ്ഗത്തിന്റെ ആവിർഭാവത്തോടൊപ്പം പാശ്ചാത്യരാജ്യങ്ങളിൽ സാമൂഹ്യാവശ്യങ്ങൾക്കനുസൃതമായി ചിന്താസ്വാതന്ത്ര്യം, വിശ്വാസസ്വാതന്ത്ര്യം, വ്യക്തിസ്വാതന്ത്ര്യം, സ്വത്ത് സമ്പാദിക്കാനും സംഭരിക്കാനുമുള്ള അവകാശം, തൊഴിലാളികളെ ജോലിക്കു വെയ്ക്കാനുള്ള അവകാശം എന്നിങ്ങനെയുള്ള മുദ്രാവാക്യങ്ങൾ ഉയർന്നുവരികയുണ്ടായി. ഇന്ത്യയിലും ഇത്തരം ആശയങ്ങൾ ചരിത്രപരമായ ഒരാവശ്യകതയായിത്തീർന്നു. ശാസ്ത്രത്തിനും മാനവികവിഷയങ്ങൾക്കും അവയുമായി ബന്ധപ്പെട്ട രാഷ്ട്രീയതത്വചിന്തയ്ക്കും പ്രാധാന്യം നൽകിയ പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെ പ്രചാരം ഇന്ത്യയിൽ പുതിയ ചിന്താഗതികളുടെ വികാസത്തിനു വലിയൊരുത്തേജനം നൽകി. യുക്തിവാദം, രാഷ്ട്രീയസ്വാതന്ത്ര്യം, ജനാധിപത്യം, മനുഷ്യസ്നേഹം, സമത്വം മുതലായ പുതിയ ആദർശങ്ങൾ ഉയർന്നുവന്നു. ഷേക്സ്പിയർ, ഷെല്ലി, ബൈറൺ, മിൽ, സ്പെൻസർ, കാൽലൈൽ, റസ്കിൻ, മോർലി, മിൽട്ടൻ, ലോക്ക്, ബർക്ക് മുലായവരുടെ കൃതികൾ ഇന്ത്യയിലെ ബുദ്ധിജീവികൾക്കിടയിൽ പ്രചരിക്കാൻ തുടങ്ങി. ഇന്ത്യയിൽ ആധുനികചിന്തയ്ക്ക് രൂപം നൽകുന്നതിൽ അവ വഹിച്ച പങ്ക് ചെറുതായിരുന്നില്ല.

ബ്രിട്ടീഷ് ഭരണാധികാരികളും അവർക്ക് പിന്തുണ നൽകിയവരും ഇന്ത്യയിലെ ദേശീയഭാഷകളെയും സംസ്കാരങ്ങളെയും കഴിയുന്നത്ര അവഗണിക്കാൻ നോക്കി. എന്നിട്ടും പുതിയ കോളേജുകളിൽ നിന്നു പുറത്തുവന്ന അഭ്യസ്തവിദ്യരായ ഇന്ത്യക്കാരിൽ പലരും തങ്ങളുടെ സ്വന്തം ഭാഷകളിലും സംസ്കാരങ്ങളിലും അഭിമാനം കൊള്ളുന്നവരായി മാറി. പാശ്ചാത്യസാഹിത്യങ്ങളുമായുള്ള സമ്പർക്കം ഫലത്തിൽ ഇന്ത്യയിലെ ഭാഷാസാഹിത്യങ്ങളുടെ വളർച്ചയെ സഹായിക്കുകയാണ് ചെയ്തത്. ജനങ്ങൾക്കിടയിൽ, പ്രത്യേകിച്ചും ദേശാഭിമാനികളായ ബുദ്ധിജീവികൾക്കിടയിൽ തങ്ങളുടെ സ്വന്തം സാംസ്കാരികപൈതൃകത്തെക്കുറിച്ച് ഒരു പുതിയ അഭിമാനബോധം ഉയർന്നുവന്നു. യൂറോപ്യന്മാരും ഇന്ത്യക്കാരുമായ പല പണ്ഡിതന്മാരും ഇന്ത്യയുടെ ഭൂതകാലത്തിലേക്ക് തിരിഞ്ഞുനോക്കുകയും വിവിധ വിഷയങ്ങളിലുള്ള സംസ്കൃതഗ്രന്ഥങ്ങൾ തർജ്ജമ ചെയ്യുകയും ദേശീയബോധത്തെ തട്ടിയുണർത്താൻ പറ്റിയ മൗലികകൃതികൾ രചിക്കുകയും ചെയ്തു. ഭാരതീയസംസ്കാരം മറ്റൊരു സംസ്കാരത്തിന്റെയും പിന്നിലല്ലെന്നു വ്യക്തമാക്കുകയായിരുന്നു അവരുടെ മുഖ്യമായ ഉദ്ദേശ്യം. അങ്ങനെ, ബ്രിട്ടീഷ് സാമ്രാജ്യവാദികളുടെ പ്രതീക്ഷകൾക്കു വിപരീതമായി ദേശാഭിമാനവും ദേശീയാഭിവൃദ്ധിയെക്കുറിച്ചുള്ള പുതിയ ചിന്തകളും ഇന്ത്യക്കാരുടെ മനസ്സിൽ ചലനങ്ങളുണ്ടാക്കാൻ തുടങ്ങി. ഈ ചലനങ്ങൾ ഇന്ത്യയിലെ ഭാഷാസാഹിത്യങ്ങളിലും തത്വചിന്തകളിലും മാത്രമല്ല, രാഷ്ട്രീയചിന്തകളിലും സ്വാധീനം ചെലുത്തി. ഇന്ത്യ ആധുനിക കാലഘട്ടത്തിലേക്ക് കാലുവെച്ചു.

---

7. O. Malley: Modern India and the West, P. 658.

# കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക് ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 6

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. വിശിഷ്ടാദ്വൈതം, ദ്വൈതം, ദ്വൈതാദ്വൈതം
2. ശിവനും ശക്തിയും
3. ഏകതത്വവാദവും മതവിശ്വാസവും
4. ഇസ്ലാംമതവും പിൽക്കാല നാട്ടുവാഴിത്തവും
5. ഇസ്ലാമിലെ ഗൂഢാർഥവാദവും വിമതപ്രസ്ഥാനങ്ങളും
6. ഭക്തിപ്രസ്ഥാനം
7. ബ്രിട്ടീഷ് ഭരണം
8. പാശ്ചാത്യചിന്തയുടെ സ്വാധീനം
9. രാജാറാം മോഹൻ റായ്
10. സാമൂഹ്യപരിഷ്കാരവും മതപുനരുദ്ധാരണവും
11. സ്വാമി വിവേകാനന്ദൻ
12. ഇസ്ലാമിലെ പുനരുത്ഥാനവും നവോത്ഥാനവും
13. മിതവാദികളും തീവ്രവാദികളും
14. തീവ്രവാദികളുടെ തത്വശാസ്ത്രം
15. മതവും ദേശീയപ്രസ്ഥാനവും
16. രവീന്ദ്രനാഥ ടാഗോർ
17. ഇഖ്ബാൽ
18. മഹാത്മാഗാന്ധി
19. മാർക്സിസത്തിന്റെ സ്വാധീനം
20. ജവഹർലാൽ നെഹ്റു
21. സ്വാതന്ത്ര്യലബ്ധിക്കു ശേഷം
22. ഭാരതീയചിന്ത എങ്ങോട്ട്?


### വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10